**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1027** **14-10-2026-ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യമേഖല ശക്തിപ്പെടുത്താൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. നജീബ് കാന്തപുരം

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ

(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ഉൾനാടൻ മത്സ്യമേഖലയെ ശക്തിപ്പെടുത്താൻ നിലവിലുള്ള പദ്ധതികൾ വിശദമാക്കാമോ;

**മറുപടി:** **1. Chief Minister Matsya Samrudhi Padhathi (CMMSP)**

ഉൾനാടൻ മത്സ്യകൃഷി വ്യാപനം ലക്ഷ്യമിട്ടു കൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് CMMSP.

**2. Enhancement of Inland Fish Production by way of Conservation & Management of Aquatic Resources.**

ഉൾനാടൻ ജലആവാസ വ്യവസ്ഥ സംരക്ഷണവും സംയോജിത മത്സ്യ വിഭവ പരിപാലനവും വഴി ഉൾനാടൻ മത്സ്യ ഉത്പാദനം വർദ്ധനവ് ലക്ഷ്യമിടുന്നു. മത്സ്യബന്ധന നിയന്ത്രണ നിയമങ്ങളുടെ ഫലപ്രദമായ നടപ്പാക്കൽ, നിയമവിരുദ്ധ മത്സ്യബന്ധന രീതികൾ തടയൽ, പ്രജനനകാല സംരക്ഷണം, ചെറുമത്സ്യങ്ങളുടെ അനിയന്ത്രിതമായ പിടിത്തം നിയന്ത്രിക്കൽ, ഉൾനാടൻ ജലാശയങ്ങളുടെ സംരക്ഷണം, മത്സ്യക്കുഞ്ഞുങ്ങളുടെ നിക്ഷേപം, ശാസ്ത്രീയമായ മത്സ്യസമ്പത്ത് പരിപാലനം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന പദ്ധതിയാണിത്.

**3. Kerala Reservoir Fisheries Development Project**

പത്തനംതിട്ട, ഇടുക്കി, പാലക്കാട്, തൃശ്ശൂർ, കണ്ണൂർ ജില്ലകളിലുൾപ്പെടുന്ന 14 റിസർവോയറുകളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണിത്. ടി പദ്ധതിയിൽ ഉൾപ്പെടുന്ന ജലവിഭവങ്ങളുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി അനുയോജ്യമായ മത്സ്യകൃഷി രീതികൾ വികസിപ്പിച്ച് നിലവിലുള്ള ഉൽപ്പാദന സംവിധാനങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്തി മത്സ്യലഭ്യത വർധിപ്പിക്കാൻ സാധിക്കും.

**(ബി)** പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ഉൾനാടൻ മേഖലയിൽ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് മുഖ്യമന്ത്രി മത്സ്യസമൃദ്ധി പദ്ധതി.

**(സി)** സംസ്ഥാനത്ത് മത്സ്യത്തിനുള്ള യഥാർത്ഥ ഡിമാന്റും ലഭ്യതയും തമ്മിലുള്ള വിടവ് എത്രത്തോളം ഈ പദ്ധതികൾ മൂലം പരിഹരിക്കാൻ കഴിയും; വിശദമാക്കാമോ?

**മറുപടി:** സംസ്ഥാനത്തിന്റെ മത്സ്യ ആവശ്യകതയുടെ ഗണ്യമായൊരു ഭാഗം ആഭ്യന്തര ഉൽപ്പാദനത്തിലൂടെ നിറവേറ്റുന്നതിനും ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യവരവിനെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനുമായി ഉൽപ്പാദനവർധന ലക്ഷ്യമിട്ടുള്ള വിവിധ പദ്ധതികൾ ഏകോപിതമായി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി CMMSP, KRFDP, മത്സ്യസമ്പത്ത് സംരക്ഷണ പദ്ധതികൾ എന്നിവ പരസ്പരപൂരകമായി പ്രയോജനപ്പെടുത്തി, ഓരോ പദ്ധതിയുടെയും ഉൽപ്പാദനസാധ്യത പരമാവധി വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കേരളത്തിലെ ഉയർന്ന മത്സ്യ ഉപഭോഗവും ആഭ്യന്തര ഉപഭോഗത്തിനായി ലഭ്യമായ മത്സ്യത്തിന്റെ കുറവും പരിഗണിക്കുമ്പോൾ, CMMSP, KRFDP, മത്സ്യസമ്പത്ത് സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയെ ഏകോപിതമായ സമീപനത്തിലൂടെ നടപ്പിലാക്കുന്നത് സംസ്ഥാനത്തിന്റെ മത്സ്യ ആവശ്യകതയും ലഭ്യതയും തമ്മിലുള്ള വിടവ് കുറയ്ക്കാൻ സഹായിക്കും. മത്സ്യകൃഷിയുടെ വ്യാപനം, നിലവിലുള്ള ജലവിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗം, ഉൽപ്പാദനക്ഷമത വർധിപ്പിക്കൽ, സ്വാഭാവിക മത്സ്യസമ്പത്തിന്റെ സംരക്ഷണം എന്നിവയിലൂടെ ആഭ്യന്തര മത്സ്യ ഉൽപ്പാദനം വർധിപ്പിക്കാനാകും.

ഇത്തരത്തിലുള്ള ഉൽപ്പാദനവർധനയും സുസ്ഥിര മത്സ്യസമ്പത്ത് പരിപാലനവും സംയോജിപ്പിച്ചുള്ള പ്രവർത്തനങ്ങളിലൂടെ കേരളത്തെ മത്സ്യലഭ്യതയിൽ കൂടുതൽ സ്വയംപര്യാപ്തതയിലേക്ക് നയിക്കുക എന്ന ലക്ഷ്യം കൈവരിക്കാനാകും.

**സെക്ഷൻ ഓഫീസർ**